**കേരള കാർഷിക സർവകലാശാല**
**കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശ്ശൂർ – 680651**
**ഇമെയിൽ: arsmannuthy@kau.in;**
**ഫോൺ: 04872 370726, 9446 370726**

നമ്പർ: ബി/2085/2023 തിയതി: 22/08/2023

## ടെൻഡർ [ദർഘാസ്] നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ] വിവിധ ആവശ്യങ്ങൾക്കായി അടുത്ത ഒരു വർഷക്കാലത്തേക്ക് ചകിരച്ചോറ് [coirpith] വിതരണം ചെയ്യാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ [ദർഘാസ്] ക്ഷണിക്കുന്നു.

### വ്യവസ്ഥകളും നിർദേശങ്ങളും

1 ടെൻഡർ ഫോം, തിരിച്ചു നൽകാത്ത ഫീസായ 400 രൂപയും അതിന്റെ 18% ജി എസ് റ്റിയും സഹിതം [ആകെ 472 രൂപാ മാത്രം] അടച്ചു ഈ ഓഫിസിൽ നിന്നു നേരിട്ടു വാങ്ങാവുന്നതാണ്. Professor & Head, Agricultural Research Station, Mannuthy, എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായും തുക അടക്കാവുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കുന്ന പക്ഷം ടെൻഡർ ഫീസിനും ജി എസ് റ്റി ക്കും പ്രത്യേകം ഡ്രാഫ്റ്റ് എടുക്കേണ്ടതും അവ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ടെൻഡർ ഫോം ഡൗൺലോഡ് ചെയ്യാവുന്നതും [വെബ്സൈറ്റ് വിലാസം: http://www.kau.in/Tenders/ Related Documents] ആവശ്യമായ ഫീസ് സഹിതം ഈ ഓഫിസിൽ സമർപ്പിക്കാവുന്നതുമാണ്

2 5000 രൂപാ [അയ്യായിരം രൂപാ മാത്രം] നിരതദ്രവ്യമായി അടക്കേണ്ടതാണ്. ആയത് മേൽപ്പറഞ്ഞ രീതികളിൽ പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ അടക്കാവുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കുന്ന പക്ഷം ആയത് ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ലഭിക്കാത്തവരുടെ നിരത ദ്രവ്യം, ടെൻഡർ നടപടികൾക്കു ശേഷം പണമായോ അക്കൗണ്ട് ട്രാൻസ്ഫറായോ തിരികെ നൽകുന്നതാണ്. ടെൻഡർ ലഭിക്കുന്നയാളുടെ നിരത ദ്രവ്യം, ടെൻഡർ കാലാവധിക്കു ശേഷം മാത്രം പലിശ രഹിതമായി തിരികെ നൽകുന്നതാണ്

3 സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിലുള്ള കരാർ 200 രൂപാ മൂല്യമുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്

4 31/08/2024 വരെയുള്ള കാലയളവിൽ ഈ കേന്ദ്രത്തിൽ നിന്നു നിർദേശിക്കുന്നതു പ്രകാരം ഈ കേന്ദ്രത്തിനു കീഴിൽ മണ്ണുത്തിയിലും വെള്ളാനിക്കരയിലുമുള്ള വിവിധ യൂനിറ്റുകളിൽ ഏറ്റവും മികച്ച ഗുണനിലവാരമുള്ള ചകിരച്ചോറ് എത്തിച്ചു തരേണ്ടതാണ്

5 എല്ലാ നികുതികളും, വാഹന–കയറ്റിറക്ക ചെലവുകളും, മറ്റു ചെലവുകളും ഉൾപ്പെടെ ഒരു കിലോ ചകിരച്ചോറ് ഈ കേന്ദ്രത്തിൽ എത്തിച്ചു തരുന്നതിനു ലഭിക്കേണ്ടതായ വിലയാണ് ക്വാട്ട് ചെയ്യേണ്ടത്

6 "ചകിരിച്ചോറു വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ" എന്നു പുറത്തെഴുതിയതും The Professor & Head, Agricultural Research Station, Mannuthy, Thrissur – 680651, Kerala, എന്ന വിലാസത്തിലുള്ളതുമായ കവറിലാക്കിയ ടെൻഡർ രേഖകൾ, 05/09/2023 ചൊവ്വാഴ്ച വൈകുന്നേരം മൂന്നു മണിക്കോ അതിനു മുൻപോ ഈ ഓഫിസിൽ ലഭിക്കേണ്ടതാണ്. ലഭ്യമായ കവറുകൾ, അന്നേരം സന്നിഹിതരായിട്ടുള്ള അപേക്ഷകരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം വൈകുന്നേരം രാവിലെ 03:30നു തുറന്നു പരിശോധിക്കുന്നതും മറ്റു നിബന്ധനകൾക്കു വിധേയമായി ഏറ്റവും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കുന്നതുമാണ്

7 നിശ്ചിത സമയത്തു ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ ആയ ടെൻഡറുകൾ തൽക്ഷണം നിരസിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരവും ഈ കേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും

8 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്

9 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ, 04872 370726, 9446 370726, എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

10 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്

Sd/- 23/8/23

പ്രൊഫസർ & ഹെഡ്
Professor & Head
Agricultural Research Station
Mannuthy - 680 651.

AGRICULTURAL RESEARCH STATION MANNUTHY Date............ KERALA AGRICULTURAL UNIVERSITY

സ്വീകർത്താവ്: നോട്ടിസ് ബോർഡ് – കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി
നോട്ടിസ് ബോർഡ് – വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, മണ്ണുത്തി
നോട്ടിസ് ബോർഡ് – കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം, മണ്ണുത്തി

പകർപ്പ്: ശ്രീ അനൂപ് എൻ സി, ഫാം സൂപ്രണ്ട്